# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3693** **20-6-2018 - ൽ മറുപടിയ്ക്ക്**

**ലീഗൽ മെട്രോളജി വകുപ്പ് നടത്തിയ പരിശോധനകൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി.സി ജോർജ്:** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് ലീഗൽ മെട്രോളജി വകുപ്പിൽ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദമാക്കുമോ; | (എ) 29-6-2013-ലെ ജി.ഒ(പി)നം.1/2013/ഉകാവ, 2/2013/ഉകാവ എന്നിവ പ്രകാരം നിലവിലുണ്ടായിരുന്ന സ്പെഷ്യൽ റൂൾസ് റദ്ദ്ചെയ്ത് പുതിയ സ്പെഷ്യൽ റൂൾസിന് രൂപം നൽകുവാൻ നിയമസഭാ സബോർഡിനേറ്റ് ലജിസ്ലേഷൻ കമ്മിറ്റിയും സബ്ജക്ട് കമ്മിറ്റിയും ശുപാർശ ചെയ്തിരുന്നു. അപ്രകാരം തയ്യാറാക്കിയ കരട് സ്പെഷ്യൽ റൂൾസിന് 11-6-2018-ൽ കൂടിയ യോഗത്തിൽ സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (ബി) സംസ്ഥാനത്ത് ലീഗൽ മെട്രോളജി വകുപ്പിന്റെ കീഴിൽ കഴിഞ്ഞ 2 വർഷം നടത്തിയ പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (ബി)<br>• തിരുവനന്തപുരം പട്ടത്തെ വകുപ്പിന്റെ ഹെഡ് ക്വാർട്ടേഴ്സ് ആന്റ് ലബോറട്ടറി കോംപ്ലക്സ് ഏഴ് നില കെട്ടിടത്തിന്റെ സിവിൽ വർക്കുകൾ പൂർത്തിയായി. ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഇന്റീരിയർ വർക്ക്സ് തുടങ്ങിയവകൂടി പൂർത്തിയാക്കി 2018-19 സാമ്പത്തിക വർഷം ടി കെട്ടിടം വകുപ്പിന് ഉപയോഗ യോഗ്യമാക്കുന്നതാണ്.<br>• കൊല്ലത്ത് ആധുനിക ലബോറട്ടറി സൗകര്യങ്ങളോടു കൂടിയ ജില്ലാ ഓഫീസ് കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം ആരംഭിച്ചു.<br>• പുതുതായി 14 വാഹനങ്ങൾ അനുവദിച്ചു.<br>ജ്വല്ലറികളിൽ വിൽക്കുന്ന സ്വർണ്ണാഭരണങ്ങളുടെ ശുദ്ധത പരിശോധിച്ച് സാക്ഷ്യപ്പെടുത്തി നൽകുന്നതിനായി വകുപ്പിന്റെ കീഴിൽ ഹാൾ മാർക്കിംഗ് സെന്ററുകൾ ആരംഭിക്കുന്നതിന് എറണാകുളം കാക്കനാട് ലീഗൽ മെട്രോളജി ഭവനിലെ ഗോൾഡ് അസ്സേയിംഗ് ആന്റ് ടെസ്റ്റിംഗ് ലബോറട്ടിക്ക് NABL അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിന് വേണ്ട രണ്ടാം ഘട്ട പ്രവർത്തനങ്ങൾ പൂർത്തിയായി.<br>• കാസർഗോഡ്, പാലക്കാട് ജില്ലകളിൽ ഓഫീസ് കെട്ടിടം |

നിർമ്മിക്കുന്നതിനു വേണ്ട സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

- നിയമ ലംഘനങ്ങൾ ചിത്രങ്ങളായോ, വീഡിയോ ആയോ സന്ദേശങ്ങളായോ പൊതുജനങ്ങൾക്ക് ബന്ധപ്പെട്ട ലീഗൽ മെട്രോളജി ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തി സത്വര പരിഹാരം തേടുന്നതിന് സുതാര്യം എന്ന ഒരു മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്.

- വകുപ്പിന്റെ സേവനങ്ങളായ ലൈസൻസ്, പായ്ക്കർ, രജിസ്ട്രേഷൻ തുടങ്ങിയവ ലീഗൽ മെട്രോളജി ഓപ്പറേഷൻ മാനേജ്മെന്റ് സിസ്റ്റം (LMOMS) പദ്ധതിയിലൂടെ നടപ്പ് സാമ്പത്തിക വർഷത്തിൽ തന്നെ പൊതുജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

- വകുപ്പിന്റെ വാഹനങ്ങളിൽ ജി.പി.എസ് സംവിധാനം ഏർപ്പെടുത്തുന്നു. ആയതിലൂടെ പരാതിക്കാധാരമായ സ്ഥാപനത്തിന്റെ ഏറ്റവും അടുത്തുള്ള വാഹനം ട്രാക്ക് ചെയ്ത് നിർവ്വഹണ ഉദ്യോഗസ്ഥന് വിവരം കൈമാറുന്നതിനും വ്യാപാര സ്ഥാപനം പരിശോധിച്ച് പരാതിക്ക് സത്വര പരിഹാരം കാണുന്നതിനും ഉതകുന്ന സോഫ്റ്റ് വെയർ സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്.

- ഐ.റ്റി സെൽ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

- ആരോഗ്യ മേഖലകളിൽ ഉപയോഗിച്ചു വരുന്ന അളവു-തൂക്ക ഉപകരണങ്ങളുടെ കൃത്യത ഉറപ്പു വരുത്തുന്നതിനായി കാക്കനാട് പരിശോധന ലാബ് സജ്ജമാക്കി.

- നിർവ്വഹണ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിരന്തരമായ പരിശീലനം നൽകുന്നു.

- ലീഗൽ മെട്രോളജി നിയമങ്ങളെക്കുറിച്ചും വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ഉപഭോക്താക്കളെ ബോധവാന്മാരാക്കുന്നതിനായി എഫ്.എം റേഡിയോയിൽ ഉൾപ്പെടെ പരസ്യങ്ങൾ നൽകി വരുന്നു.

- ഉപഭോക്തൃ ബോധവൽക്കരണത്തിനായി എല്ലാ പഞ്ചായത്തുകളിലും റേഡിയോ കിയോസ്കുകൾ ആരംഭിക്കുന്നതിനായുള്ള നടപടികൾ പുരോഗമിക്കുന്നു.

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് കഴിഞ്ഞ 2 വർഷം ലീഗൽ മെട്രോളജി വകുപ്പ് നടത്തിയ പരിശോധനകളിൽ എത്ര പേർ സർക്കാരിലേയ്ക്ക് ഫൈൻ അടച്ചു; കേസുകളുടെ വിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ? | (സി) | വിവരം അനുബന്ധമായി ചേർക്കുന്നു. |

Chithralekha R.L

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | ജില്ല | കണ്ടെടുത്ത കേസ്സുകൾ | | ഈടാക്കിയ പിഴ രൂപയിൽ | |
|---|---|---|---|---|---|
| | | 2016-17 | 2017-18 | 2016-17 | 2017-18 |
| 1 | തിരുവനന്തപുരം | 5091 | 4385 | 12348000 | 10963500 |
| 2 | കൊല്ലം | 2810 | 2414 | 6053000 | 6140500 |
| 3 | പത്തനംതിട്ട | 1628 | 1400 | 4499500 | 4304000 |
| 4 | ആലപ്പുഴ | 1252 | 1401 | 3776500 | 4333500 |
| 5 | കോട്ടയം | 1116 | 1270 | 3793500 | 4191000 |
| 6 | ഇടുക്കി | 434 | 454 | 1315000 | 1575500 |
| 7 | എറണാകുളം | 3700 | 2726 | 10715500 | 8650650 |
| 8 | തൃശ്ശൂർ | 2374 | 2963 | 7905000 | 7625000 |
| 9 | പാലക്കാട് | 826 | 888 | 2429500 | 2452000 |
| 10 | മലപ്പുറം | 1589 | 1456 | 4019000 | 3910500 |
| 11 | കോഴിക്കോട് | 2016 | 1570 | 6676500 | 4728500 |
| 12 | വയനാട് | 772 | 682 | 1692500 | 1795000 |
| 13 | കണ്ണൂർ | 1512 | 1509 | 3610500 | 3788500 |
| 14 | കാസർഗോഡ് | 901 | 1025 | 2172000 | 2839000 |
| ആകെ | | **26021** | **24143** | **71006000** | **67297150** |

Sreelekha R. L.